ഉത്തരം

(എ) 1427 പേർക്ക്.

(ബി) 201 പേർക്ക്.

സാംസ്കാരിക വകുപ്പിന്റെ അവാർഡുകൾ

158 [3859] *ശ്രീ. ടി. എം. ജേക്കബ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരികവകുപ്പ് സംസ്ഥാനതലത്തിൽ ഏതെല്ലാം കലാവിഭാഗത്തിലുള്ള കലാകാരൻമാർക്കാണ് അവാർഡുകൾ നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ചലച്ചിത്ര, ടി. വി. അവാർഡുകൾ എന്നുമുതലാണ് നിലവിൽ വന്നത് എന്ന് പറയാമോ;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് ഇപ്പോൾ അവാർഡ് നൽകുന്നത്;

(ഡി) ജെ. സി. ദാനിയേൽ അവാർഡ് ഏത് വർഷം മുതലാണ് ഏർപ്പെടുത്തിയത്;

(ഇ) ഈ അവാർഡ് തുകകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സാഹിത്യം, കഥകളി, താള-മേള-വാദ്യം, മോഹിനിയാട്ടം, കൃഷ്ണനാട്ടം, കൂടിയാട്ടം, നങ്ങ്യാർകൂത്ത്, കേരളനടനം, ചിത്രശിൽപ്പകല, സംഗീതം എന്നീ വിഭാഗത്തിലുള്ള കലാകാരൻമാർക്കാണ് അവാർഡ് നൽകുന്നത്.

(ബി) ചലച്ചിത്ര അവാർഡ്—1969 മുതൽ
ടി. വി. അവാർഡ്—1991.

(സി) ചലച്ചിത്ര അവാർഡുകൾ :

ഏറ്റവും നല്ല കഥാചിത്രം (നിർമ്മാതാവ്, സംവിധായകൻ), രണ്ടാമത്തെ ചിത്രം (നിർമ്മാതാവ്, സംവിധായകൻ), സംവിധാനം, നടൻ, നടി, സഹനടൻ, സഹനടി, ബാലതാരം, കഥാകൃത്ത്, തിരക്കഥാകൃത്ത്, ഛായാഗ്രാഹകൻ, ചിത്രസംയോജകൻ, കലാസംവിധായകൻ, സംഗീതസംവിധായകൻ (പശ്ചാത്തലം, ഗാനം), ഗാനരചയിതാവ്, ഗായകൻ, ഗായിക, ശബ്ദലേഖകൻ, ലബോറട്ടറി, വസ്ത്രാലങ്കാരം, ചമയം, ഡബ്ബിംഗ് ആർട്ടിസ്റ്റ്, കഥേതരചിത്രം (നിർമ്മാതാവ്, സംവിധായകൻ) കുട്ടികളുടെ ചിത്രം (നിർമ്മാതാവ്, സംവിധായകൻ) കുട്ടികളുടെ ചിത്രത്തിന്റെ സംവിധാനം, ജനപ്രീതിയും കലാമേൻമയുമുള്ള ചിത്രം (നിർമ്മാതാവ്, സംവിധായകൻ), നവാഗത സംവിധായകൻ,

LIBRARY ARCHIVES Kerala Legislative Assembly

സിനിമാപുസ്തകം, സിനിമാ ലേഖനം എന്നീ ഇനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

ടെലിവിഷൻ അവാർഡുകൾ :

ഏറ്റവും നല്ല ടെലി സീരിയൽ (നിർമ്മാതാവ്, സംവിധായകൻ), രണ്ടാമത്തെ ടെലി സീരിയൽ (നിർമ്മാതാവ്, സംവിധായകൻ), ടെലി ഫിലിം (നിർമ്മാതാവ്, സംവിധായകൻ), നടൻ, നടി, സഹനടൻ, സഹനടി, ബാലതാരം, കഥാകൃത്ത്, തിരക്കഥാകൃത്ത്, ഛായാഗ്രാഹകൻ, ചിത്രസംയോജകൻ, കലാസംവിധായകൻ, സംഗീതസംവിധായകൻ, ശബ്ദലേഖകൻ, കഥേതരചിത്രം (നിർമ്മാതാവ്, സംവിധായകൻ), കുട്ടികൾക്കുള്ള പരിപാടി (നിർമ്മാതാവ്, സംവിധായകൻ), അവതാരക, വാർത്താവായന, കമന്റേറ്റർ, സമകാലീന സാമൂഹ്യ പ്രശ്നാധിഷ്ഠിത പരിപാടി (നിർമ്മാതാവ്, സംവിധായകൻ), ടെലിവിഷൻ രചന എന്നീ ഇനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

(ഡി) 1992 മുതൽ.

(ഇ) ഇത് സംബന്ധിച്ച് നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

കാഞ്ഞൂരിലെ പുതിയേടത്ത് ശക്തൻ തമ്പുരാൻ സ്മാരകം

159 [3860] *ശ്രീ. പി. ജെ. ജോയി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തൻ തമ്പുരാന്റെ ജന്മസ്ഥലമായ കാഞ്ഞൂരിലെ പുതിയേടത്ത് ഒരു സ്മാരകം പണിയുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) സ്മാരകം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) ഇതുസംബന്ധമായി ലഭിച്ച ഒരു നിവേദനം പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിനയച്ചു കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly